കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കുന്നന്താനം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി7/428/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 18/05/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നന്താനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുന്നന്താനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നന്താനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി7/428/2022 തീയ്യതി: 18/05/2022

പത്തനംതിട്ട ജില്ലയിലെ കുന്നന്താനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കുന്നന്താനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-03-2022 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സ്നിഗ്ധ .എസ്	ഡെപ്യൂട്ടി ഡയറക്ടർ	06-04-2022	16-04-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
06-04-2022	16-04-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ രഞ്ജീവ് വി.കെ ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
2. ശ്രീമതി. ദീപ.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീമതി ലേഖ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീമതി സിന്ധുമോൾ വി.എൻ. ,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ രാധാകൃഷ്ണക്കുറുപ്പ്	പ്രസിഡന്റ്	01-04-2020	11-11-2020
ഭരണനിർവഹണസമിതി	പ്രസിഡന്റ്	12-11-2020	20-12-2020
ശ്രീമതി ശ്രീദേവി സതീശ് ബാബു	പ്രസിഡന്റ്	21-12-2020	31-03-2021
ശ്രീമതി ലക്ഷ്മി. ഡി	സെക്രട്ടറി	01-04-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ലക്ഷ്മി.ഡി	സെക്രട്ടറി	01-04-2020	31-03-2021
ശ്രീമതി എം. ജ്യോതി	കൃഷി ഓഫീസർ	01-04-2020	31-03-2021
ശ്രീമതി പ്രീജ പ്രേം	കൃഷി ഓഫീസർ	01-04-2020	17-01-2021
ശ്രീ. ഷിബിൻ ഷാജ്	കൃഷി ഓഫീസർ	18-01-2021	31-03-2021
ശ്രീ. യശോധരൻ. റ്റി. എസ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2020	31-05-2020
ശ്രീ. ദിലീപ് .എസ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-06-2020	09-07-2020
ശ്രീമതി സൗമ്യ കെ.	അസിസ്റ്റന്റ് എഞ്ചിനീയർ	10-07-2020	18-08-2020
ശ്രീ. അഭിജിത്ത് യു.വി	അസിസ്റ്റന്റ് എഞ്ചിനീയർ	18-08-2020	31-03-2021
ശ്രീമതി രശ്മി നായർ രാജഗോപാലൻ	മെഡിക്കൽ ഓഫീസർ PHC	01-04-2020	31-03-2021
ശ്രീമതി വിനീത രവി	മെഡിക്കൽ ഓഫീസർ(ആയുർവേദം)	01-04-2020	31-03-2021
ശ്രീമതി താര ഒ.എസ്	ICDSസൂപ്പർവൈസർ	01-04-2020	31-03-2021
ശ്രീമതി മൈമുന .എം	ഹെഡ്മിസ്ട്രസ്സ്	01-04-2020	31-03-2021
ശ്രീ. റിനുമോൻ എം. ഡി	VEO	01-04-2020	31-03-2021
ശ്രീമതി പ്രീത സി.പിള്ള	വെറ്റിനറി സർജൻ	01-04-2020	18-09-2020
ശ്രീമതി പ്രീതി മേരി ഉമ്മൻ	വെറ്റിനറി സർജൻ	18-09-2020	31-03-2021
ശ്രീമതി ജെസ്സി തോമസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2020	31-03-2021

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: Deepa S (Asst. Audit Officer, On 15-04-2022) Last Updated By: Johncy John (Computer Assistant, On 12-05-2022)	1-1
2	വാർഷിക ധനകാര്യപത്രിക Written By: Deepa S (Asst. Audit Officer, On 15-04-2022) Last Updated By: Johncy John (Computer Assistant, On 17-05-2022)	1-2
3	സാമ്പത്തിക വിശകലനം Written By: Deepa S (Asst. Audit Officer, On 15-04-2022) Last Updated By: Johncy John (Computer Assistant, On 17-05-2022)	1-3
4	ഗ്രാന്റ് വിനിയോഗം Written By: Deepa S (Asst. Audit Officer, On 15-04-2022) Last Updated By: Johncy John (Computer Assistant, On 11-05-2022)	1-4
5	പദ്ധതി അവലോകനം Written By: Deepa S (Asst. Audit Officer, On 15-04-2022) Last Updated By: Johncy John (Computer Assistant, On 17-05-2022)	1-5
6	തൊഴിലുറപ്പ് പദ്ധതി Written By: Deepa S (Asst. Audit Officer, On 15-04-2022) Last Updated By: Johncy John (Computer Assistant, On 11-05-2022)	1-6
7	ക്ഷേമ പദ്ധതികൾ Written By: Deepa S (Asst. Audit Officer, On 15-04-2022) Last Updated By: Johncy John (Computer Assistant, On 11-05-2022)	1-7
8	ക്യാഷ് പരിശോധന Written By: SINDHUMOL V N (Auditor, On 18-04-2022) Last Updated By: Johncy John (Computer Assistant, On 11-05-2022)	1-8
9	ആഭ്യന്തരനിയന്ത്രണം Written By: Deepa S (Asst. Audit Officer, On 18-04-2022) Last Updated By: Johncy John (Computer Assistant, On 11-05-2022)	1-9
10	മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം Written By: Deepa S (Asst. Audit Officer, On 15-04-2022) Last Updated By: Snigdha S (Deputy Director, On 11-05-2022)	1-10
11	തൊഴിൽ നികുതി-അപാകങ്ങൾ Written By: SINDHUMOL V N (Auditor, On 17-04-2022) Last Updated By: Johncy John (Computer Assistant, On 11-05-2022)	1-11
12	കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല Written By: SINDHUMOL V N (Auditor, On 17-04-2022) Last Updated By: Johncy John (Computer Assistant, On 17-05-2022)	1-11-1
13	ലൈസൻസ് -പൊതുവായ അപാകങ്ങൾ Written By: SINDHUMOL V N (Auditor, On 17-04-2022) Last Updated By: Johncy John (Computer Assistant, On 11-05-2022)	1-12
14	ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല Written By: SINDHUMOL V N (Auditor, On 17-04-2022) Last Updated By: Johncy John (Computer Assistant, On 17-05-2022)	1-13
15	ആയുർവ്വേദാശുപത്രിക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - പ്രിന്റർ ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. Written By: SINDHUMOL V N (Auditor, On 17-04-2022) Last Updated By: Johncy John (Computer Assistant, On 17-05-2022)	1-14
16	വാടക പിരിവ് - അപാകതകൾ Written By: SINDHUMOL V N (Auditor, On 18-04-2022) Last Updated By: Johncy John (Computer Assistant, On 17-05-2022)	1-15
17	തേക്കുമരം ലേലം - നടപടികൾ ക്രമവിരുദ്ധം	1-16

	Written By: SINDHUMOL V N (Auditor, On 18-04-2022) Last Updated By: Johncy John (Computer Assistant, On 17-05-2022)	
18	നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല Written By: Deepa S (Asst. Audit Officer, On 16-04-2022) Last Updated By: Johncy John (Computer Assistant, On 18-05-2022)	1-17
19	പുഷ്പക്കൃഷി- പദ്ധതി മോണിറ്ററിംഗ് നടത്തിയില്ല Written By: Deepa S (Asst. Audit Officer, On 15-04-2022) Last Updated By: Johncy John (Computer Assistant, On 17-05-2022)	1-18
20	ജലജീവൻമിഷൻ പദ്ധതി -വിനിയോഗരേഖകൾ ലഭ്യമാക്കിയില്ല Written By: Deepa S (Asst. Audit Officer, On 15-04-2022) Last Updated By: Johncy John (Computer Assistant, On 11-05-2022)	1-19
21	പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ- മരുന്ന് നാളിതു വരെ ലഭിച്ചിട്ടില്ല Written By: Lekha Janardhanan (Senior Grade Auditor, On 07-04-2022) Last Updated By: Johncy John (Computer Assistant, On 11-05-2022)	1-20
22	അംഗൻവാടി പോഷകാഹാര പദ്ധതിയ്ക്കായുള്ള കേന്ദ്ര വിഹിതം പൂർണ്ണമായി ചെലവഴിക്കപ്പെട്ടില്ല Written By: Lekha Janardhanan (Senior Grade Auditor, On 08-04-2022) Last Updated By: Johncy John (Computer Assistant, On 11-05-2022)	1-21
23	ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. Written By: Lekha Janardhanan (Senior Grade Auditor, On 12-04-2022) Last Updated By: Johncy John (Computer Assistant, On 17-05-2022)	1-22
24	ഗ്രാമപ്പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം Written By: Lekha Janardhanan (Senior Grade Auditor, On 13-04-2022) Last Updated By: Johncy John (Computer Assistant, On 17-05-2022)	1-23
25	പാലിനു സബ്സിഡി - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല Written By: Lekha Janardhanan (Senior Grade Auditor, On 18-04-2022) Last Updated By: Johncy John (Computer Assistant, On 17-05-2022)	1-24
26	പഞ്ചായത്തിന്റെ വസ്തുവിൽ നിന്ന് നീക്കംചെയ്ത മണ്ണിന്റെ രേഖകൾ ഇല്ല Written By: Ranjeev V.K (Audit Officer (HG), On 19-04-2022) Last Updated By: Johncy John (Computer Assistant, On 11-05-2022)	1-25
27	ഓഡിറ്റ് നിർദേശം: 6610 രൂപ തനത് ഫണ്ടിൽ ഒടുക്കി Written By: Ranjeev V.K (Audit Officer (HG), On 19-04-2022) Last Updated By: Johncy John (Computer Assistant, On 17-05-2022)	1-26
28	ഇ ടെണ്ടർ ഫീസ് - നടപടി വേഗത്തിലാക്കണം Written By: Ranjeev V.K (Audit Officer (HG), On 19-04-2022) Last Updated By: Johncy John (Computer Assistant, On 11-05-2022)	1-27
29	സേവന നികുതി 1.8 ലക്ഷം തനത് ഫണ്ടിൽ മുതൽക്കൂട്ടി Written By: Ranjeev V.K (Audit Officer (HG), On 19-04-2022) Last Updated By: Johncy John (Computer Assistant, On 11-05-2022)	1-28
30	മുക്കട കോളനി അതിർത്തി സംരക്ഷണം-അധികച്ചെലവ്, അപാകങ്ങൾ Written By: Ranjeev V.K (Audit Officer (HG), On 19-04-2022) Last Updated By: Johncy John (Computer Assistant, On 17-05-2022)	1-29
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം Written By: Lekha Janardhanan (Senior Grade Auditor, On 11-04-2022) Last Updated By: Johncy John (Computer Assistant, On 12-05-2022)	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം Written By: Lekha Janardhanan (Senior Grade Auditor, On 11-04-2022)	4-2

	Last Updated By: Johncy John (Computer Assistant, On 12-05-2022)	
3	മൊബിലൈസേഷൻ അഡ്വാൻസ് Written By: Lekha Janardhanan (Senior Grade Auditor, On 11-04-2022) Last Updated By: Johncy John (Computer Assistant, On 12-05-2022)	4-3
4	വായ്പ/വായ്പാ തിരിച്ചടവ് Written By: Lekha Janardhanan (Senior Grade Auditor, On 11-04-2022) Last Updated By: Johncy John (Computer Assistant, On 12-05-2022)	4-4
5	സ്ഥിര നിക്ഷേപം Written By: Lekha Janardhanan (Senior Grade Auditor, On 11-04-2022) Last Updated By: Johncy John (Computer Assistant, On 12-05-2022)	4-5
6	ഓഡിറ്റ് റിക്കവറിയുടെ വിവരങ്ങൾ Written By: Lekha Janardhanan (Senior Grade Auditor, On 12-04-2022) Last Updated By: Johncy John (Computer Assistant, On 12-05-2022)	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം Written By: Lekha Janardhanan (Senior Grade Auditor, On 08-04-2022) Last Updated By: Johncy John (Computer Assistant, On 12-05-2022)	4-7
8	ചാർജ്ജ് സർച്ചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം Written By: Lekha Janardhanan (Senior Grade Auditor, On 11-04-2022) Last Updated By: Johncy John (Computer Assistant, On 12-05-2022)	4-8
9	ഓഡിറ്റ് പ്രത്യവലോകനം Written By: Lekha Janardhanan (Senior Grade Auditor, On 12-04-2022) Last Updated By: Johncy John (Computer Assistant, On 17-05-2022)	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം Written By: Lekha Janardhanan (Senior Grade Auditor, On 07-04-2022) Last Updated By: Johncy John (Computer Assistant, On 12-05-2022)	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് 24.03.2020-ലെ 1-ാം നമ്പർ തീരുമാനപ്രകാരം ജനറൽ കമ്മിറ്റി അംഗീകരിച്ചു. റിവൈസ്ഡ് ബജറ്റ് 10.03.2021 ൽ അംഗീകരിച്ചിട്ടുണ്ട്.

1-2 വാർഷിക ധനകാര്യപത്രിക

2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചത് പ്രകാരം താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) ഷെഡ്യൂൾ B4- Contributions For Joint Venture Projects -നീക്കിയിരിപ്പ് തുക 1639327 B-17, RP 40(B) എന്നിവയിലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

2) ഷെഡ്യൂൾ B7- Deposits Received- ഇലക്ട്രിസിറ്റി ഡിപ്പോസിറ്റ്-424310 രൂപ മറ്റ് ഡിപ്പോസിറ്റ് - 4655 രൂപ എന്നീ നീക്കിയിരിപ്പ് തുകകളുടെ കൃത്യത ബോദ്ധ്യപ്പെടുത്തിയില്ല. ഇലക്ട്രിസിറ്റി ഡിപ്പോസിറ്റ് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

3) ഷെഡ്യൂൾ B9- Other Liabilities -താഴെപ്പറയുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

Government & Other Dues Payable – VAT-9872

Government & Other Dues Payable – CGST-11603

Government & Other Dues Payable – SGST-11603

Government & Other Dues Payable – Flood Cess-918

Advance Collection Of Revenues – Property Tax – 4218

Advance Collection Of Revenues – Profession Tax – 46360

Advance Collection Of Revenues License Fee-33600

4) ഷെഡ്യൂൾ B18 - Loans, Advances & Deposits

ജലജീവൻ മിഷൻ പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിയിൽ ഡിപ്പോസിറ്റ് ചെയ്ത 1300000 രൂപ Deposit With KWA 460500201 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

5) ഷെഡ്യൂൾ I-1, RP-43, B15- വ്യാപാരികളിൽ നിന്നുള്ള തൊഴിൽ നികുതി, വസ്തുനികുതി എന്നീ വരവിനങ്ങളുടെ DCB വാർഷികധനകാര്യപത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

6) തൊഴിലുറപ്പ് പദ്ധതിപ്രകാരമുള്ള വരവ് ചെലവുകണക്കുകൾ വാർഷിക ധനകാര്യ പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	14524618
വരവ്	66080337
ആകെ	80604955
ചെലവ്	66138083
നീക്കിയിരിപ്പ്	14466872

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കി ബാക്കി	
					ട്രഷറി ക്യൂബിൽ	ലാപ്സായ തുക
വികസനഫണ്ട് (ജനറൽ)	0	10954125	10954125	10928199	0	25926
വികസനഫണ്ട് (എസ്.സി.പി)	0	6887000	6887000	6887000	0	0
വികസനഫണ്ട് (ടി.എസ്.പി)	0	129000	129000	129000	0	0
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied)	0	6286066	6286066	5018553	0	1267513
ധനകാര്യകമ്മീഷൻ ഗ്രാന്റ്(tied)	0	4260000	4260000	1453253	0	2806747
മെയിന്റനൻസ് ഗ്രാന്റ്-റോഡ്	0	8800000	8800000	8800000	0	0
മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം	0	3624000	3624000	3622314	0	1686

കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
എം.ജി.എൻ.ആർ.ഇ.ജി.എസ് -	434	23741579	23742013	23738257	3756
ഐ.സി.ഡി.എസ്.	310636	538801	849437	397516	451921

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

2020-21 സാമ്പത്തികവർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചത് പ്രകാരം താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ വികസനഫണ്ടിന്റെ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 919800 രൂപ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) ഇലക്ട്രോണിക് വോട്ടിംഗ് മെഷീന് റോഡിതരമെയിന്റനൻസ് ഗ്രാന്റിന്റെ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 36654 രൂപ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പദ്ധതി ചെലവ് ശതമാനം
189	67243246	174	44419657	15	66%

ചെലവഴിക്കാൻ ലക്ഷ്യമിട്ട തുകയുടെ 66% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

1-6 തൊഴിലുറപ്പ് പദ്ധതി

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
എം.ജി.എൻ.ആർ.ഇ..ജി.എസ് -	434.	2622534	2622968	2619212	3756

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
അഡ്മിനിസ്ട്രേറ്റീവ് ചെലവ്					
എം.ജി.എൻ.ആർഇ..ജി.എസ് - തൊഴിലാളികളുടെ വേതനം	0	21119045	21119045	21119045	0
ആകെ	434	23741579	23742013	23738257	3756

1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പെൻഷൻ ഇനം	ഗുണഭോക്താക്കളുടെ എണ്ണം	ചെലവ് തുക
1.	കർഷകത്തൊഴിലാളി പെൻഷൻ	231	3493900
2.	വാർദ്ധക്യകാല പെൻഷൻ	1775	25678900
3.	വിധവാ പെൻഷൻ	669	9080500
4.	ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ	212	3246000
5.	50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	15	211500

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.04.2022-ൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ 11.30 A.m -ന് നടത്തുകയുണ്ടായി. പരിശോധനയിൽ 7468 (ഏഴായിരത്തി നാനൂററി അറുപത്തിയെട്ട്) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. റിക്കോർഡ് റൂം സജ്ജീകരിച്ചിട്ടുണ്ട്.
രജിസ്റ്ററുകളുടെ സൂക്ഷിപ്പ്-: രേഖകളും വൗച്ചറുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ട്. പ്രധാന വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. 2005 വരെയുള്ള വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.
പദ്ധതിനിർവഹണം:- വിവിധ പദ്ധതികളുടെ നിർവഹണത്തിനായി തൻവർഷം ലഭിച്ച സർക്കാർ ഗ്രാന്റുകളിൽ CFC ഗ്രാന്റ് ഒഴികെയുള്ളവ പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആവിഷ്കരിച്ച പദ്ധതികളുടെ 66% മാത്രമാണ് തൻവർഷം നടപ്പാക്കിയത്.

1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് വിഭാഗം	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	09.05.2018-21.05.2018	2013-14 മുതൽ 2017-18 വരെ	28.06.2018
പെർഫോർമൻസ് ഓഡിറ്റ്	26.08.2021-01.09.2021	1.04.2020 മുതൽ 31.03.2021 വരെ	13.12.2021

1-11 തൊഴിൽ നികുതി-അപാകങ്ങൾ

എ) തൊഴിൽ നികുതി ഈടാക്കിയില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2020-21 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

സ്ഥാപനത്തിന്റെ പേര്	അർദ്ധവർഷം
പോസ്റ്റ് ഓഫീസ്, മാന്താനം	രണ്ടാം അർദ്ധവർഷം
സെൻട്രൽ വെയർ ഹൗസിംങ് കോർപ്പറേഷൻ നാഷണൽ ഫുഡ് സെക്യൂരിറ്റി ഗോഡൗൺ, തോട്ടപ്പടി	ഒന്നാം അർദ്ധവർഷം

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12, /12/04/2022) മറുപടി ലഭ്യമാക്കിയില്ല. മേല്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ബി) കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക്

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിൽ 24 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഓഫീസ് മാനേജർ ഒഴികെ ആരും തന്നെ തൊഴിൽ നികുതി അടവാക്കുന്നില്ല. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനായി പഞ്ചായത്ത് ഡിമാന്റ് നോട്ടീസ് നൽകുന്നുണ്ടെങ്കിലും നാളിതുവരെയായി തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമാണ് തൊഴിൽ നികുതി. ടി ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാത്തത് മൂലം ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന വരുമാന നഷ്ടം ഒഴിവാക്കുന്നതിനായി ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും അടിയന്തിരമായി ഇടപെട്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11-1 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച ചുവടെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്നും ബിസ്സിനസ് ടേണോവറിന്റെ അടിസ്ഥാനത്തിൽ രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയില്ല.

1. ശ്രീ. കബീർ പി.എം
2. ശ്രീ. ഐ.ജി.സുകുമാരൻ
3. ശ്രീ. വർഗീസ് ജോർജ്ജ്
4. ശ്രീ. ജിനോ.പി.കുര്യൻ
5. ശ്രീ. ജോൺ.സി.തോമസ്
6. ശ്രീ. ജയൻ ടി.ജെ
7. ശ്രീ. പ്രസാദ് എ
8. ശ്രീ. ഗീവർഗീസ് സി.വി
9. ശ്രീ. ബിജി എബ്രഹാം
10. ശ്രീ. കെ.ഒ.കുര്യാക്കോസ്
11. ശ്രീ. രഘുനാഥൻ നായർ
12. ശ്രീ. കെ.എം.ജോർജ്ജ്
13. ശ്രീ. വേണുകുമാർ ആർ
14. ശ്രീ. സുനിൽ എം.ജി

15. ശ്രീ. ഒ.എം.മാത്യു

മേൽ പരാമർശിച്ചിട്ടുള്ള കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതും അല്ലാത്തപക്ഷം തൊഴിൽ നികുതി ഒടുക്കാത്തവരിൽ നിന്നും ചട്ട പ്രകാരം ബിസ്സിനസ്സ് ടേണോവറിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കേണ്ടതുമാണ്.

1-12 ലൈസൻസ് -പൊതുവായ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിൽ വാണിജ്യ വിഭാഗത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതിൽ 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള 496 കെട്ടിടങ്ങളും, 100 ച.മീ. മുകളിൽ തറവിസ്തീർണ്ണമുള്ള 47 കെട്ടിടവും, 200 ച.മീ. മുകളിൽ തറ വിസ്തീർണ്ണമുള്ള 30 കെട്ടിടങ്ങളുമാണുള്ളത്. തൻ വർഷം 209 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിരിക്കുന്നത്. കേരളാ പഞ്ചായത്ത്രാജ് ആക്ടിന്റെ വകുപ്പ് 232,233 പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെങ്കിലും ലിസ്റ്റ് അപൂർണ്ണമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും ട്രേഡ് ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമാക്കേണ്ടതും നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും ഉറപ്പുവരുത്തേണ്ടതുമാണ്. ഈ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-13 ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

(എ) റേഷൻ റീട്ടെയിൽ ഡിപ്പോകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2019) അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 11 റേഷൻ റീട്ടെയിൽ ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് എടുത്തിട്ടുള്ളതും തൊഴിൽ നികുതി അടവാക്കുന്നതും 4 എണ്ണം മാത്രമാണ്. എല്ലാ റേഷൻ ഡിപ്പോകളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ബി) ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

പഞ്ചായത്ത് പരിധിയിൽ 6 ക്ഷീരോല്പാദക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത്. സംഘങ്ങളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

1. മാന്താനം ക്ഷീരോല്പാദക സഹകരണ സംഘം

2. പുളിന്താനം ക്ഷീരോല്പാദക സഹകരണ സംഘം

3. ആഞ്ഞിലിത്താനം ക്ഷീരോല്പാദക സഹകരണ സംഘം

4. മുണ്ടിയപ്പള്ളി ക്ഷീരോല്പാദക സഹകരണ സംഘം

5. മുക്കൂർ ക്ഷീരോല്പാദക സഹകരണ സംഘം

6. വള്ളമല ക്ഷീരോല്പാദക സഹകരണ സംഘം

മേൽ ക്ഷീരോല്പാദക സംഘങ്ങളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ അടിയന്തിരമായി ഈടാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും സെക്രട്ടറിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-14 ആയുർവ്വേദാശുപത്രിക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - പ്രിന്റർ ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

പ്രോജക്ട് നം.& പേര്	S0217/21 ആയുർവ്വേദാശുപത്രിക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ
വകയിരുത്തിയ തുക	78000 രൂപ മെയിന്റനൻസ് ഫണ്ട് (റോഡിതരം)
ചെലവായ തുക	63350 രൂപ
ബിൽ നം.& തീയതി	20050852015001292036, 19/03/21

ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പദ്ധതി (നം.S0217/21)പ്രകാരം ആയുർവ്വേദാശുപത്രിക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങിയതിന് 15.03.2021-ലെ പ്രൊഫോർമ ഇൻവോയിസ് നം.24538 പ്രകാരം 63350 രൂപ (ബിൽ നമ്പർ 20050852015001292036 തീയതി 19/03/21) കെൽട്രോണിന് നൽകിയിട്ടുണ്ട്. കെൽട്രോണിൽ നിന്നും കംപ്യൂട്ടർ വാങ്ങിയതിന്റെ ഇൻവോയിസ്, (Invoice No.PYSI21015176, Rs.41152.50) ലഭ്യമാക്കിയെങ്കിലും പ്രിന്ററിന്റെ വിവരം ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.14/,12.04.22) മറുപടി ലഭ്യമാക്കിയില്ല. കെൽട്രോണിൽ നിന്നും പ്രിന്റർ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിററിൽ ലഭ്യമാക്കേണ്ടതാണ്.

1-15 വാടക പിരിവ് - അപാകതകൾ

(എ) നിയമപ്രകാരം കരാർ ചമയ്ക്കുന്നില്ല .

2020-21 സാമ്പത്തിക വർഷം പഞ്ചായത്ത് വക 17 കടമുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. കടമുറികൾ വാടകയ്ക്ക് നൽകുന്നതിനായി ഒരു ബൈലോ തയ്യാറാക്കി സൂക്ഷിക്കേണ്ടതും സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ ഇപ്രകാരം ബൈലോ തയ്യാറാക്കി സൂക്ഷിക്കുകയോ കൃത്യമായ ഇടവേളകളിൽ വാടക പുതുക്കുകയോ ചെയ്യുന്നില്ല. നിലവിൽ ഓരോ വർഷവും വാടകയിൽ 5% വർദ്ധനവ് വരുത്തി, ജി.എസ്.റ്റി, ഫ്ലഡ് സെസ്, പിഴപ്പലിശ എന്നിവ സഹിതം ഈടാക്കുന്നുണ്ട്. കടമുറികൾ വാടകയ്ക്ക് എടുത്തിരിക്കുന്നവരുമായി ഗ്രാമ പഞ്ചായത്ത് കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നില്ല. കരാർ വ്യവസ്ഥകൾ എഴുതാതെ വാടകക്കാരുടെ ഒപ്പു മാത്രമുള്ള ശൂന്യമായ മുദ്രപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. വാടകക്കാരുമായി മുദ്രപത്രത്തിൽ ഉടമ്പടി ചമയ്ക്കാതിരിക്കുന്നത് ഗുരുതരമായ അപാകതയാണ്. കടമുറികൾക്ക് കേടുപാടുകൾ ഉണ്ടാകുകയോ, വാടക അടവാക്കുന്നതിൽ കരാറുകാർ വീഴ്ച വരുത്തുകയോ ചെയ്താൽ ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കാൻ ഇതുമൂലം ഗ്രാമ പഞ്ചായത്തിന് കഴിയാതെ വരും. ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനും വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

(ബി) ഒരേ ബിൽഡിംഗിലുള്ള കടമുറികൾക്ക് വ്യത്യസ്ത നിരക്കിലുള്ള വാടകയാണ് നിലവിൽ പഞ്ചായത്ത് ഈടാക്കി വരുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

വാടകക്കാരുടെ പേര്	ബിൽഡിംഗ് നം. / കടമുറി നം	ഈടാക്കുന്ന വാടക
ശ്രീ. ബിജു	XV/173	3990 രൂപ
ശ്രീ. മധുസൂദനൻ നായർ	XV/174	1712 രൂപ
ശ്രീ. സോമശേഖരൻ നായർ	XV/172	546 രൂപ
ശ്രീ. ബേബിച്ചൻ	IX/135	2573 രൂപ
ശ്രീ. രഘുനാഥൻ നായർ	IX/134	300 രൂപ

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിററ് എൻക്വയറിക്ക് (നം.15/12/04/2022) മറുപടി ലഭ്യമാക്കിയില്ല.

കടമുറികളുടെ വിസ്തീർണ്ണം അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നിർണ്ണയിച്ച് ആയതിന്റെയും കടമുറികളിലെ സൗകര്യങ്ങളുടേയും അടിസ്ഥാനത്തിൽ വാടക പുതുക്കി നിശ്ചയിച്ച് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടേയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-16 തേക്കുമരം ലേലം - നടപടികൾ ക്രമവിരുദ്ധം

ഗ്രാമപഞ്ചായത്തിലെ കമ്യൂണിററി ഹാളിനോട് ചേർന്ന് അപകടാവസ്ഥയിൽ നിന്ന തേക്ക് മരം മുറിച്ച് മാററുന്നതിന്

നം.എസ്.എഫ്.പി.എ2-82/തീയതി 14/01/2020 കത്ത് പ്രകാരം 86304 രൂപ വാല്യുവേഷൻ തുക നിശ്ചയിച്ച് സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ട്മെന്റിൽ നിന്നും അനുമതി ലഭിച്ചിരുന്നു. ഇതിനായി പഞ്ചായത്ത് 14/10/2020 ൽ നടത്തിയ ലേലത്തിൽ ആരും പങ്കെടുക്കാത്തതിനെ തുടർന്ന് 15/01/2021ൽ പുനർലേലം നടത്തുകയുണ്ടായി. പ്രസ്തുത പുനർലേലത്തിലും ആരും പങ്കെടുക്കാത്തതിനാൽ 23/01/2021 ൽ ക്വട്ടേഷൻ ക്ഷണിച്ചതു പ്രകാരം ഏറ്റവും കൂടിയ തുക (50000രൂപ) രേഖപ്പെടുത്തിയ ശ്രീ. രാജീവ് വി. കൈമൾ, രാജേഷ് ഭവൻ, ആലപ്പാട്ട് ഹൗസ്, പാലയ്ക്കത്തകിടി എന്ന വ്യക്തിക്ക് 05.02.2021 ൽ ടി അവകാശം നൽകുകയാണുണ്ടായത്.

സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ട്മെന്റ് നിശ്ചയിച്ച വിലയിലും കുറഞ്ഞ നിരക്കിൽ മാത്രം ക്വട്ടേഷൻ ലഭ്യമായതിനാൽ പ്രസ്തുത തേക്ക് മരത്തിന്റെ വില പുതുക്കി നിശ്ചയിക്കുന്നതിന് ടി കാര്യാലയത്തിലേക്ക് 2/2/2021 ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കത്ത് നൽകുകയുണ്ടായി. എന്നാൽ കത്തിന് മറുപടി ലഭിക്കുന്നതിനു മുൻപ് തന്നെ 5/2/2021 ൽ 7-ാം നം. തീരുമാന പ്രകാരം ഈ വിഷയം ചർച്ച ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് ഒരു അടിയന്തിര മീററിംഗ് വിളിച്ച് കൂട്ടുകയാണുണ്ടായത്. പ്രസ്തുത മീററിംഗിൽ വീണ്ടും ക്വട്ടേഷൻ നടപടികൾ സ്വീകരിക്കണമെന്ന് സെക്രട്ടറി അറിയിച്ചിരുന്നു. എന്നാൽ മരത്തിന്റെ ചുവട് ഭാഗം കേടു വന്നതിനാൽ സമീപത്തെ കെട്ടിടത്തിൽ പതിച്ച് സ്വത്തിനും ജീവനും നാശനഷ്ടം സംഭവിക്കാൻ സാധ്യതയുള്ളതായി യോഗം വിലയിരുത്തുകയും കൂടിയ തുക (50000രൂപ) രേഖപ്പെടുത്തിയ ശ്രീ.രാജീവ് വി. കൈമളിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു.

തേക്ക് മരത്തിന്റെ ചുവട് ഭാഗം കേടു വന്ന വിവരം 02/02/2021 ൽ നൽകിയ കത്തിലൂടെ സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ട്മെന്റിനെ അറിയിക്കാതിരുന്നതും , ടി കത്തിന് മറുപടി ലഭിക്കുന്നതിനു മുൻപ് അടിയന്തിരമായി മീററിംഗ് വിളിച്ച് ക്വട്ടേഷൻ അംഗീകരിച്ചതും ക്രമവിരുദ്ധമാണ്. മാത്രവുമല്ല ക്വട്ടേഷൻ അംഗീകരിച്ച വ്യക്തിയുമായി ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ, തേക്ക് മരം എന്ന് മുറിച്ച് മാററി എന്നതിന്റെ വിവരം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മരത്തിന്റെ ചുവട് ഭാഗം കേടു വന്നതിനാൽ സമീപത്തെ കെട്ടിടത്തിൽ പതിച്ച് സ്വത്തിനും ജീവനും നാശനഷ്ടം സംഭവിക്കാൻ സാധ്യതയുള്ള വിവരം ദുരന്ത നിവാരണ അതോറിററിയെ അറിയിക്കുകയോ, റീവാല്യുവേഷൻ നടത്തുന്നതിന്റെ അടിസ്ഥാനത്തിൽ പുനർലേലം നടത്തുകയോ ചെയ്തിട്ടില്ല എന്നത് ഗുരുതരമായ വീഴ്ചയാണ്.

സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ട്മെന്റിൽ നിന്നും തേക്ക് മരത്തിന് നിശ്ചയിച്ച അളവിന്റെയും വിലയുടെയും വിവരം ചുവടെ ചേർക്കുന്നു.

Species	G.B.H (Cm)	Volume (M3)	Rate	Amount	Volume Of Fire Wood(MT)	Rate (Rs)	Amount (Rs)	Total Value
തേക്ക് L IB	160	0.976	85980	83916	0.403	5925	2388	86304
					ആകെ			86304

ഫോറസ്ട്രി ഡിപ്പാർട്ട്മെന്റ് നിശ്ചയിച്ച വിലയിലും കുറഞ്ഞ നിരക്കിൽ ക്വട്ടേഷൻ അംഗീകരിച്ച് തേക്ക് മരം മുറിച്ച് മാററിയതു മൂലം ഗ്രാമപ്പഞ്ചായത്തിന് വ്യക്തമായ നഷ്ടമുണ്ടായതായി ഓഡിററ് വിലയിരുത്തുന്നു. 2019-20 സാമ്പത്തിക വർഷം ഇതേ അളവിലുള്ള തേക്ക് മരം 70786 രൂപയ്ക്കാണ് ലേലം ചെയ്ത് പോയത്.

മേൽ നടപടി മൂലം ഗ്രാമപ്പഞ്ചായത്തിനുണ്ടായ നഷ്ട തുകയായ 36304 രൂപ (86304-50000) 5/2/2021 തീയതിയിൽ 7-ാം നമ്പർ തീരുമാന പ്രകാരം നടന്ന അടിയന്തിര പഞ്ചായത്ത് കമ്മററി യോഗത്തിൽ പങ്കെടുത്ത് ക്വട്ടേഷൻ അംഗീകരിച്ച അംഗങ്ങളുടെ ബാധ്യതയായി ഓഡിററ് കണക്കാക്കുന്നു. ആയതിനാൽ പഞ്ചായത്തിനുണ്ടായിട്ടുള്ള നഷ്ടം ഉത്തരവാദിയായവരിൽനിന്നും ഈടാക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിററിൽ ലഭ്യമാക്കേണ്ടതുമാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-17 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

ഗ്രാമപഞ്ചായത്ത് വിവിധ പദ്ധതികൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുള്ള 3890642 രൂപയുടെ പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

വർഷം	പ്രോജക്ട് നമ്പർ/പേര്	നിക്ഷേപിച്ച തുക	ചെക്ക് നമ്പർ/തീയതി
2014-15	വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ	677455	ലഭ്യമാക്കിയില്ല

2015-16	മൈലമൺ SN കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	600000	16/30.03.2016
2016-17	96/2017 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ നൽകൽ	400000	21601092/31.03.2017
2016-17	126/2017 പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ ഗാർഹിക വാട്ടർ കണക്ഷൻ	31000	39/2016-17/31.03.2017
2018-19	94/2018-19 SC കോളനിയിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	200000	19000384673/30.07.2018
2020-21	190/2020-21 ജലജീവൻ മിഷൻ കുടിവെള്ള പദ്ധതി	1982187	20050852014601071632/ 11.02.2021
	ആകെ	3890642	

പ്രവൃത്തികൾ പൂർത്തീകരിച്ച വിവരം വിനിയോഗസാക്ഷ്യപത്രം സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-18 പുഷ്പക്കൃഷി- പദ്ധതി മോണിറ്ററിംഗ് നടത്തിയില്ല

2020-21 സാമ്പത്തിക വർഷം കാർഷിക മേഖലയിൽ കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി പുഷ്പക്കൃഷിക്ക് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വികസനഫണ്ടിൽ നിന്ന് 127500 രൂപ ചെലവഴിച്ച് VFPCK യിൽ നിന്ന് കുറ്റിമുല്ല, ഓർക്കിഡ്, ജമന്തി എന്നീ ഇനങ്ങളിലുള്ള ചെടികളുടെ തൈകൾ വാങ്ങി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. 14.02.18 ലെ സ.ഉ (കൈ) നമ്പർ 22/2018/ത.സ്വ.ഭ.വ നമ്പർ ആയി പദ്ധതി മുഖേന സബ്സിഡി നൽകുന്നതിന് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം കർഷകരുടെ കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാവണം തൈകളുടെ എണ്ണവും തുകയും നിശ്ചയിക്കേണ്ടത് എന്നു നിഷ്കർഷിക്കുന്നുണ്ട്.

73 ഗുണഭോക്താക്കൾക്ക് ഒരു യൂണിറ്റിന് 850 രൂപ എന്ന നിരക്കിൽ 150 യൂണിറ്റ് തൈകൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ഗുണഭോക്താക്കളുടെ അപേക്ഷയിൽ കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണം സംബന്ധിച്ച രേഖപ്പെടുത്തലുകൾ, പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച് മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതിനിർവഹണം സംബന്ധിച്ച രേഖകൾ പൂർണ്ണമായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-19 ജലജീവൻമിഷൻ പദ്ധതി -വിനിയോഗരേഖകൾ ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 2020-21 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിലെ 1470 കുടുംബങ്ങൾക്ക് ഗാർഹികവാട്ടർ കണക്ഷൻ നൽകുന്നതിന് വാട്ടർ അതോറിറ്റി മുഖേന ജലജീവൻ മിഷൻ എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതിച്ചെലവ് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	വകയിരുത്തിയ തുക	ചെലവഴിച്ച തുക
വികസനഫണ്ട്	682187	682187
ജില്ലാ പഞ്ചായത്ത് ഫണ്ട്	2000000	1300000
തനതുഫണ്ട്	301072	0
ഗുണഭോക്തൃവിഹിതം	1988839	0
ആകെ	4972098	1982187

പദ്ധതിയ്ക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി 15% തുകയായ 2983259 രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കേണ്ടതുണ്ട്. തൻവർഷം പദ്ധതിയുടെ ഭാഗമായി 1982197 രൂപ ഒടുക്കിയിട്ടുണ്ട്. പദ്ധതിയിലുൾപ്പെടുത്തി ഗാർഹിക കണക്ഷൻ ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച് വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-20 പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ- മരുന്ന് നാളിതു വരെ ലഭിച്ചിട്ടില്ല

2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വികസന ഫണ്ടിൽ നിന്നും 200000 രൂപയും തനതു ഫണ്ടിൽ നിന്നും 50000 രൂപയും വകയിരുത്തി മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) നടപ്പിലാക്കിയ പദ്ധതിയാണ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നു വാങ്ങൽ (പ്രോജക്ട് നം.S034/21). പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിന് കാരുണ്യ

കമ്മ്യൂണിറ്റി ഫാർമസിയുടെ 11-02-2021 ലെ 5312, 5313 നമ്പർ പ്രൊഫോർമ ഇൻവോയിസ് പ്രകാരം 250000 രൂപ (ചെക്ക് നമ്പർ 2789272, തീയതി 01-03-21, ട്രഷറി നെഫ്റ്റ് ട്രാൻസ്ഫർ റഫറൻസ് നം 20050800000011091 തീയതി 18-02-21) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ തിരുവനന്തപുരം മാനേജിംഗ് ഡയറക്ടറിന് കൈമാറിയിട്ടുണ്ട്. എന്നാൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി നാളിതു വരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. ആയത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വീക്ഷിക്കുന്നു. മരുന്ന് അടിയന്തിരമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 അംഗൻവാടി പോഷകാഹാര പദ്ധതിയ്ക്കായുള്ള കേന്ദ്ര വിഹിതം പൂർണ്ണമായി ചെലവഴിക്കപ്പെട്ടില്ല

2017-18 വർഷം അംഗൻവാടി പോഷകാഹാര പദ്ധതിയ്ക്കായി തുക ചെലവഴിച്ച ശേഷം ടി വർഷാവസാനം 269121 രൂപ അവശേഷിച്ചിരുന്നു. 2018-19, 2019-20, 2020-21 വർഷങ്ങളിൽ മേൽപദ്ധതിക്കായി കേന്ദ്ര വിഹിതം ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും കണക്ക് ചുവടെ ചേർക്കുന്നു-

വർഷം	മുന്നിരിപ്പ്	കേന്ദ്ര വിഹിതം ലഭിച്ചത്	ആകെ	കേന്ദ്ര വിഹിതം ചെലവഴിച്ചത്	ബാലൻസ്
2018-19	269121	170150	439271	200000	239271
2019-20	239271	403376	642647	332011	310636
2020-21	310636	538801	849437	397516	451921

31.3.22 വരെ പ്രസ്തുത ഇനത്തിൽ ആകെ 672576 രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നീക്കിയിരിപ്പായുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് അംഗൻവാടി കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ നടത്താവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-22 ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 164 എ(5) വകുപ്പ് പ്രകാരം വാർഡുതല ജാഗ്രതാ സമിതിയുടെയും ഗ്രാമപ്പഞ്ചായത്തുതല ജാഗ്രതാസമിതിയുടെയും യോഗങ്ങൾ എല്ലാ മാസവും കുറഞ്ഞത് ഒരു തവണയെങ്കിലും വിളിച്ചുകൂട്ടേണ്ടതും രണ്ട് യോഗങ്ങൾ തമ്മിലുള്ള ഇടവേള 30 ദിവസത്തിൽ കവിയാൻ പാടില്ലാത്തതുമാണ്. എന്നാൽ പഞ്ചായത്തിലെ ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. വികസന ഫണ്ടിൽ നിന്നും 50000 രൂപ വകയിരുത്തിയ പദ്ധതിക്ക് (S.12/21) വേണ്ടി തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. നിയമം അനുശാസിക്കുംപടി ജാഗ്രതാസമിതി യോഗങ്ങൾ സംഘടിപ്പിക്കുവാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതും. ജാഗ്രതാസമിതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനു വേണ്ടി പഞ്ചായത്ത് പരിധിയിൽ വരുന്ന എം എസ് ഡബ്ളിയു യോഗ്യതയുള്ള ഒരു വനിതയെ ജാഗ്രതാസമിതി ഫെസിലിറ്റേറ്ററായി പ്രതിമാസം 10000 രൂപാ ഹോണറേറിയം നൽകി തിരഞ്ഞെടുക്കാവുന്നതുമാണ്. തുടർനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-23 ഗ്രാമപ്പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം

കോവിഡ് മഹാമാരിയുമായി അനുബന്ധിച്ച് ഗ്രാമപ്പഞ്ചായത്തിൽ നടത്തിയ ചെലവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ചെലവിന്റെ വിവരം	തുക	ഫണ്ടിനം
1	സി.സി.സി യിലെ മൊത്തം ചെലവ്	256955	തനത് ഫണ്ട്
2	സി.എഫ്.എൽ.റ്റി.സി യിലെ മൊത്തം ചെലവ്	501558	തനത് ഫണ്ട്
3	ഡി.സി.സി യിലെ മൊത്തം ചെലവ്	1237191	തനത് ഫണ്ട്

കിൻഫ്രാ പാർക്കിലുള്ള അസാഫ് കെട്ടിടത്തിൽ 501558 രൂപ ചെലവഴിച്ച് സി.എഫ്.എൽ.റ്റി.സി സജ്ജീകരിച്ച് ഉൽഘാടനം നടത്തിയിരുന്നെങ്കിലും കോവിഡ് രോഗികളെ പ്രവേശിപ്പിച്ചിരുന്നില്ല. തുടർന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സജ്ജീകരിച്ചിട്ടുള്ള സി.സി.സി, സി എഫ് എൽ റ്റി സി, ഡി സി സി എന്നിവ ഒഴിവാക്കി വിട്ടു നൽകണമെന്ന സർക്കാർ ഉത്തരവിനെ തുടർന്ന് മേൽ സജ്ജീകരണങ്ങൾ പൊളിച്ചുമാറ്റി പകൽ വീട്ടിൽ സൂക്ഷിച്ചിട്ടുള്ളതുമാണ്. ടി സാധനങ്ങൾ ലേലം ചെയ്ത് പഞ്ചായത്തിൽ മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കോവിഡ് കെയർ സെന്റർ പ്രവർത്തനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 256955 രൂപ ലഭ്യമാക്കിയിട്ടുള്ളതും സി എഫ് എൽ റ്റി സി സജ്ജീകരണത്തിനായി 100000 രൂപ മുൻകൂർ ലഭ്യമായിട്ടുള്ളതുമാണ്. ഡി.സി.സിക്കായി തുകയൊന്നും തന്നെ ലഭ്യമായിട്ടില്ല. നിലവിൽ കോവിഡ് സെന്ററുകളൊന്നും പ്രവർത്തിക്കുന്നില്ല.

പഞ്ചായത്ത് തലത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 16 വാർഡുകളിലും റാപ്പിഡ് റെസ്പോൺസ് ടീം

കർമ്മോന്മുഖരായി പ്രവർത്തിച്ചിട്ടുണ്ട്. യൂത്ത് വോളന്റിയർമാരെ ജാഗ്രത പോർട്ടലിൽ രജിസ്റ്റർ ചെയ്യിക്കുകയും അവർക്ക് കില മുഖേന ഓൺലൈൻ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മീറ്റിംഗ് കൂടിയതിന്റെ വിവരം ലഭ്യമാക്കിയില്ല, കൂടാതെ സി.എഫ്.എൽ.ടി.സി യുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിന് ആരോഗ്യവകുപ്പിൽ നിന്നും പരിശീലനം നല്കിയിട്ടുണ്ട്.

പഞ്ചായത്ത് തലത്തിൽ പ്രത്യേക പരിഗണന നല്കേണ്ടുന്നവരുടെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകീകരിക്കുന്നതിനും പഞ്ചായത്ത് കമ്മറ്റികൾ ഓൺ ലൈനായും ഓഫ് ലൈനായും നിയമപ്രകാരമുള്ള ഇടവേളകളിൽ സമ്മേളിച്ചിട്ടുണ്ട്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താനായി വാർഡ് തലത്തിൽ മെമ്പർമാർ ചെയർമാന്മാരായി മോണിറ്ററിംങ് കമ്മറ്റി രൂപീകരിച്ചിട്ടുള്ളതും ആയതിന്റെ പ്രവർത്തനങ്ങൾ തൃപ്തികരമായി നടത്തിട്ടുള്ളതുമാണ്. ക്വാറന്റൈനിലിരിക്കുന്ന രോഗികൾ, സമ്പർക്കപ്പട്ടികയിലിരിക്കുന്നവർ എന്നിവർക്ക് അവശ്യസാധനങ്ങൾ എത്തിച്ചുനല്കൽ, വാക്സിനേഷൻ ഡ്രൈവ് വിജയകരമാക്കുന്നതിന് ആവശ്യമായ സഹായം നല്കൽ എന്നിവയിലെല്ലാം വാർഡ് തല സമിതി വളരെയധികം നന്നായി പ്രവർത്തിച്ചിട്ടുണ്ട്.

സി.എഫ്.എൽ.ടി.സി പഞ്ചായത്ത് തലത്തിൽ പ്രവർത്തനം ആരംഭിക്കുകയും ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ അതിനായി ഒരുക്കുകയും ചെയ്തിരുന്നു. കുടുംബശ്രീ മൈക്രോ സംരംഭക യൂണിറ്റ് വഴി ഒരു കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ സി.ഡി.എസിൽ നിന്നും സംഭാവനയായി തുകയൊന്നും ലഭ്യമായിട്ടില്ല. 2020-21 സാമ്പത്തിക വർഷം പഞ്ചായത്തിലെ കുടുംബശ്രീ പ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തി കമ്മ്യൂണിറ്റി കിച്ചൺ നന്നായി പ്രവർത്തിച്ചിട്ടുണ്ട് .

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകീകരിക്കുന്നതിനും കോവിഡ് മാനദണ്ഡം പാലിച്ചുകൊണ്ട് പഞ്ചായത്ത് കമ്മറ്റികൾ കൃത്യമായ ഇടവേളകളിൽ കൂടിയിട്ടുണ്ട്.

1-24 പാലിനു സബ്സിഡി - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്നതിനായി ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പാലിന് സബ്സിഡി (S0055/21) (SO) എന്ന പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ, സബ്സിഡി മാർഗ്ഗരേഖ പ്രകാരം വികസന ഫണ്ടിൽ നിന്നും അനുവദനീയമായതിലും അധികം സബ്സിഡി തുക നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. താഴെപ്പറയുന്ന ക്ഷീരസംഘങ്ങൾക്കാണ് സബ്സിഡി അധികമായി നൽകിയത്.

ക്രമ നം	ക്ഷീരസംഘങ്ങളുടെ പേര്
1	മാന്താനം ക്ഷീരോല്പാദക സഹകരണ സംഘം
2	പുളിന്താനം ക്ഷീരോല്പാദക സഹകരണ സംഘം
3	ആഞ്ഞിലിത്താനം ക്ഷീരോല്പാദക സഹകരണ സംഘം
4	മുണ്ടിയപ്പള്ളി ക്ഷീരോല്പാദക സഹകരണ സംഘം
5	മുക്കൂർ ക്ഷീരോല്പാദക സഹകരണ സംഘം
6	വള്ളമല ക്ഷീരോല്പാദക സഹകരണ സംഘം

ഒരു ലിറ്റർ പാലിന് ഗ്രാമപ്പഞ്ചായത്ത് വിഹിതമായ മൂന്നുരൂപയും ക്ഷീരവികസന വകുപ്പിന്റെ വിഹിതമായ ഒരു രൂപയും ചേർത്ത് നാലുരൂപ എന്ന തോതിൽ കണക്കാക്കി കർഷകന്റെ അക്കൗണ്ടിലേക്ക് തുക നൽകണമെന്നാണ് 14.02.2018-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം.22/2018/തസ്വഭവ പ്രകാരം നിഷ്കർഷിച്ചിട്ടുള്ളത്. നിർദ്ദേശത്തിനു വിരുദ്ധമായി സബ്സിഡി തുക മുഴുവനും ഗ്രാമപ്പഞ്ചായത്ത് വികസന ഫണ്ട് വിഹിതത്തിൽ നിന്നും നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ പേര് & പദ്ധതി നമ്പർ	ബിൽ റഫറൻസ് നം, തുക & തീയതി	വൗച്ചർ പ്രകാരമുള്ള പാലളവ്	നൽകിയ തുക (Rs. 4 /Litre)	നൽകേണ്ടിയിരുന്നത് (Rs.3 /Litre)	അധികം നൽകിയ തുക
പാലിനു സബ്സിഡി-S055/21	CB No 7/20-21/ 05-06-20	6129	24517	18387	6130

	CB No15 /20-21 27-03-21	17500	70000	52500	17500
	CB No 4 /20-21/ 28/01/21	59705	238823	179115	59708
	CB No10/20-21/ 04/03/21	14993	60389	44979	15410
	ആകെ				98748

സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും അധികം സബ്സിഡിതുക നൽകിയതിനുള്ള വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/16.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതിപ്പണം ചെലവഴിച്ചത് ശരിയായ നടപടിയല്ല. ഇപ്രകാരം അധികം തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ആയത് ക്രമീകരിക്കേണ്ടതുമാണ്.

1-25 പഞ്ചായത്തിന്റെ വസ്തുവിൽ നിന്ന് നീക്കംചെയ്ത മണ്ണിന്റെ രേഖകൾ ഇല്ല

വികസന പ്രോജക്ടുകൾക്ക് സ്ഥലം ഒരുക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ വസ്തുവിൽ നിന്ന് നീക്കം ചെയ്ത മണ്ണിന്റെ രേഖകൾ ഇല്ല.

എംഎൽഎ സ്കീമിൽ നിർമ്മിക്കുന്ന ആയുർവേദാസ്പത്രി കെട്ടിടം,ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം എന്നിവക്ക് വലിയതോതിൽ മണ്ണ് നീക്കം ചെയ്തതായി 2020-21ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റി മിനിട്സിലെ വിവിധ തീരുമാനങ്ങളിൽ വിവരിച്ചിട്ടുണ്ട്. എന്നാൽ നീക്കം ചെയ്ത മണ്ണിന്റെ അളവ്, ജിയോളജി വകുപ്പിന്റെ അനുമതി, മണ്ണ് പുനരുപയോഗിച്ചതായോ ലേലം ചെയ്ത് തനത് വരവാക്കിയതായോ രേഖകൾ ലഭ്യമാക്കിയില്ല. രേഖകൾ ആവശ്യപ്പെട്ട് സെക്രട്ടറിക്കും അസിസ്റ്റന്റ് എഞ്ചിനിയർക്കും ഓഡിറ്റ് അന്വേഷണം (05/7.4.22) നല്കിയിരുന്നു. സെക്രട്ടറി പ്രതികരിച്ചില്ല. അസിസ്റ്റന്റ് എഞ്ചിനിയർ നല്കിയ മറുപടിയിൽ ആയുർവേദാസ്പത്രി കെട്ടിട നിർമ്മാണം മല്ലപ്പള്ളി ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ചുമതലയിലാണെന്നും അതിനാൽ ആവശ്യപ്പെട്ട രേഖകൾ അസി.എഞ്ചിനിയറുടെ ഓഫീസിൽ ലഭ്യമല്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം പണിക്ക് കരാർവെച്ചെങ്കിലും ജിയോളജി വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ മണ്ണ് നീക്കം ചെയ്തിട്ടില്ലെന്നും അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചു.

അസിസ്റ്റന്റ് എഞ്ചിനിയറുടെ മറുപടിയിൽ നിന്നും ആയുർവേദാസ്പത്രികെട്ടിടത്തിന് വലിയ അളവിൽ മണ്ണ് നീക്കം ചെയ്തു എന്ന് വ്യക്തമാണ്. പ്രോജക്ടിന്റെ നിർവഹണം ബ്ലോക്ക് എക്സിക്യൂട്ടീവ് എഞ്ചിനിയർക്കായാലും നീക്കം ചെയ്ത മണ്ണ് ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാണ്. അതിനാൽ നീക്കം ചെയ്തമണ്ണിന്റെ അളവ്, ജിയോളജി വകുപ്പിന്റെ അനുമതി പത്രം, മണ്ണ് കയ്യൊഴിഞ്ഞതിന്റെ രേഖകൾ എന്നിവ ഗ്രാമപഞ്ചായത്ത് സൂക്ഷിക്കേണ്ടതായിരുന്നു. രേഖകൾ ഇല്ലാത്തത് ആസ്തിസംരക്ഷണത്തിലെ വലിയ ജാഗ്രതക്കുറവാണ്. വലിയവിലയുള്ള മണ്ണ് ഗ്രാമപഞ്ചായത്തിന്റെ വരവായി അല്ലെങ്കിൽ ജനതാല്പര്യത്തിന് പുനരുപയോഗിച്ചു എന്ന് ഉറപ്പാക്കാൻ, ഗ്രാമസഭ, ഗ്രാമപഞ്ചായത്ത് കമ്മറ്റി, ജനകീയ സമിതികൾ, വർക്കിംഗ് ഗ്രൂപ്പ്, പ്രോജക്ട് മോണിട്ടറിംഗ് കമ്മറ്റി, പൗരസമൂഹ സംഘടനകൾ എന്നിവയുടെ മേൽനോട്ടത്തിൽ ആയിരുന്നു മണ്ണ് നീക്കം ചെയ്യേണ്ടിയിരുന്നത്. ഗ്രാമപഞ്ചായത്തിന്റെ ആസ്തി പാഴായിട്ടില്ലെന്ന് കൃത്യമായ രേഖകളിലൂടെ ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

1-26 ഓഡിറ്റ് നിർദേശം: 6610 രൂപ തനത് ഫണ്ടിൽ ഒടുക്കി

ഓഡിറ്റ് നിർദേശത്തെ തുടർന്ന് 6610 രൂപ കരാറുകാരിൽ നിന്ന് ഈടാക്കി തനത് ഫണ്ടിൽ ഒടുക്കി. പ്രോജക്ട് 69/21-മാന്താനം മൈലമൺ റോഡ് റീ ടാറിംഗിൽ ഈടാക്കേണ്ടിയിരുന്ന കാലി ബാരൽ വില 3932 രൂപയും പ്രോജക്ട് 60/21-ഇളയിടത്ത് അംഗനവാടി റോഡ് കോൺക്രീറ്റിംഗിന് സമയത്ത് കരാർ വെക്കാഞ്ഞതിന്റെ പിഴ 2678 രൂപയുമാണ് ഓഡിറ്റ് അന്വേഷണങ്ങൾ നല്കിയതിനെ തുടർന്ന് തനത് ഫണ്ടിൽ ഒടുക്കിയത്. ഓഡിറ്റ് അന്വേഷണം 17/12.04.22 ലാണ് കാലിബാരൽ വില ഈടാക്കാഞ്ഞത് നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ശ്രദ്ധയിൽ പ്പെടുത്തിയത്. ഇതിന്റെ തുടർ നടപടിയായി 3932 രൂപ ഈടാക്കി രസീത് (1220100123/13.04.22) ഹാജരാക്കി. കോൺക്രീറ്റ് വേലക്ക് സമയത്ത് കരാർ ചമക്കാഞ്ഞ വീഴ്ച ഓഡിറ്റ് അന്വേഷണം 03/07.04.22 ലാണ് അസിസ്റ്റന്റ് എഞ്ചിനീയറെ അറിയിച്ചത്. തുടർന്ന് ഈടാക്കേണ്ടിയിരുന്ന പിഴ 2678 രൂപ രസീത് നമ്പർ (1220100122/13.04.22)

ഒടുക്കി. ഓഡിറ്റ് നിർദേശത്തിന് ഓഡിറ്റ് വേളയിൽത്തന്നെ പരിഹാരം കണ്ടതിനാൽ ഈ വിഷയത്തിൽ തുടർനടപടിയില്ല.

തനത് ഫണ്ടിൽ ഒടുക്കിയ കാലി ബാരൽ വില 3932 രൂപ പ്രോജക്ടിന് വകയിരുത്തിയ ഫണ്ടിന്റെ ട്രഷറി ശീർഷകത്തിൽ അടച്ച് ക്രമീകരിക്കേണ്ടതാണ്.

1-27 ഇ ടെണ്ടർ ഫീസ് - നടപടി വേഗത്തിലാക്കണം

മരാമത്ത് പ്രോജക്ടുകളുടെ 2017-18 മുതൽ 2019-20 വരെയുള്ള ഇ-ടെണ്ടർ ഫീസ് 66330 രൂപ 18.02.2022 ൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്ന് ലഭിച്ചതായി ഓഡിറ്റ് അന്വേഷണ(നം.2/തീയതി 07.04.22)ത്തിന് മറുപടിയായി അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചു. എന്നാൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ ബാങ്ക് അക്കൗണ്ടില്ലാത്തതിനാൽ ചെക്ക് പണമാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റിയിട്ടില്ല. അക്കൗണ്ട് തുടങ്ങുന്നതിന് അപേക്ഷ ബാങ്കിൽ നല്കിയതായി അസിസ്റ്റന്റ് എഞ്ചിയർ മറുപടിയിൽ നൽകിയിട്ടുണ്ട്. ചെക്കിന്റെ കാലാവധി തീരുമുമ്പ് പണം തനത് ഫണ്ടിൽ വരവ് വെക്കുന്നതിന് നടപടി വേഗത്തിലാക്കുകയും നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്. തുടങ്ങുന്ന അക്കൗണ്ടിൽ നെറ്റ് ബാങ്കിംഗ് സൗകര്യം ഉറപ്പാക്കി ഗ്രാമപഞ്ചായത്തിന്റെ ഇ-ടെണ്ടർ പണം ഇടപാടുകൾ അതുവഴിയാക്കേണ്ടതാണ്. ധനകാര്യ സ്ഥിരം സമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

1-28 സേവന നികുതി 1.8 ലക്ഷം തനത് ഫണ്ടിൽ മുതൽക്കൂട്ടി

സേവന നികുതി ഇനത്തിലുള്ള 176142 രൂപ തെറ്റായ ശീർഷകത്തിൽ ചേർത്ത് തനത് ഫണ്ടിൽ മുതൽക്കൂട്ടി. 2018 ലെ 6 മരാമത്ത് പ്രോജക്ടുകൾ (പ്രോജക്ട് നം.161/18,163/18,165/18,162/18, 169/18,158/18) ക്ക് വകയിരുത്തിയ സേവന നികുതിയാണ് കോൺട്രാക്ടേഴ്സ് റിട്ടൻഷൻ എന്ന തെറ്റായ ശീർഷകത്തിൽ ചേർത്ത് മുതൽ കൂട്ടിയത്. കാലഹരണപ്പെട്ട നിക്ഷേപമായി കണക്കാക്കി 7.10.2021ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയാണ് തുക മുതൽകൂട്ടിയത്(തീരുമാനം.8/1).

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണ(06/08/04/22)ത്തിന് ലഭ്യമാക്കിയ മറുപടിയിലാണ് അസിസ്റ്റന്റ് എഞ്ചിനിയർ ആറ് പ്രോജക്ടുകളുടെ ബില്ലിന്റെ പകർപ്പുകൾ സഹിതം തുക സേവന നികുതിയാണെന്നും, പ്രോജക്ടുകൾ 17-18ൽ തന്നെ പൂർത്തിയാക്കി അന്തിമബില്ല് തീർപ്പാക്കിയിരുന്നതാണെന്നും വ്യക്തമാക്കിയത്.

പ്രോജക്ടുകൾക്ക് വകയിരുത്തിയ വികസനഫണ്ട് ശീർഷകങ്ങളിൽ നിന്നാണ് തുക ബില്ലിൽ കുറവ് ചെയ്ത് അസിസ്റ്റന്റ് എഞ്ചിനിയർ സെക്രട്ടറിക്ക് നല്കിയത്. സേവന നികുതി സർക്കാർ ഒഴിവാക്കിയതിനാൽ തെറ്റായി മുതൽകൂട്ടിയ 176142 രൂപ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ അനുമതിയോടെ ബന്ധപ്പെട്ട ട്രഷറി ശീർഷകത്തിൽ ഒടുക്കി ക്രമീകരിക്കേണ്ടതോ സർക്കാർ അനുമതിയോടെ വികസന പ്രോജക്ടുകൾക്ക് ചെലവഴിക്കേണ്ടതോ ആണ്.

1-29 മുക്കട കോളനി അതിർത്തി സംരക്ഷണം-അധികച്ചെലവ്, അപാകങ്ങൾ

ഒരേസമയത്ത് രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയതിനാൽ മുക്കട കോളനി അതിർത്തി സംരക്ഷണ ഭിത്തി നിർമ്മാണത്തിൽ അധികച്ചെലവ്. പ്രോജക്ടിന്റെ ടെണ്ടർ നടപടികളിൽ പൊതുമരാമത്ത് മാന്വൽ ലംഘിച്ചതുൾപ്പെടെ ഗുരുതര അപാകങ്ങളും സംഭവിച്ചു.

സംരക്ഷണ ഭിത്തി പണിയാൻ 2019-20 ലാണ് 480000 രൂപ അടങ്കലിൽ പ്രോജക്ട് (134/20) ടെണ്ടർ ചെയ്തത്. എസ്. സി.പി. ഫണ്ടായിരുന്നു വകയിരുത്തിയത്. മല്ലപ്പള്ളി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറുടെ സാധ്യതാസാക്ഷ്യപത്രം അനുസരിച്ചായിരുന്നു ഇത്.

മൂന്ന് ടെണ്ടർ ലഭിച്ചതിൽ സബികുമാറിന്റെ 11.33% കുറവ് ടെണ്ടറായിരുന്നു ഏറ്റവും കുറഞ്ഞത്. ഇയാൾക്ക് 6.12.18ൽ സെലക്ഷൻ നോട്ടീസ് നല്കിയെങ്കിലും. കരാർ ചമച്ച് പണി ഏറ്റെടുത്തില്ല.കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 ലംഘിച്ച കരാറുകാരന്റെ ഇ.എം.ഡി കണ്ടുകെട്ടിയില്ല.

ഇ.എം.ഡി -12000 രൂപയായിരുന്നു. സബികുമാർ ഇത് ഒടുക്കിയ ഇടപാട് രേഖ ഇ.എം.ഡി രജിസ്റ്ററിലില്ല. സബികുമാർ ഇ.എം.ഡി ഒടുക്കിയിട്ടുണ്ടെങ്കിൽ വ്യക്തമാക്കണമെന്നും അത് കണ്ടുകെട്ടാഞ്ഞതിന് കാരണം അറിയിക്കണമെന്നും ഓഡിറ്റ് അന്വേഷണം (02/12.4.2022)നല്കിയതിന് അസിസ്റ്റന്റ് എഞ്ചിനിയറുടെ മറുപടി ഇപ്രകാരമായിരുന്നു: ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ 13200 രൂപയുടെ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് സബികുമാർ ഇ.എം.ഡി ആയി നല്കിയിരുന്നു. അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിൽ ക്ളാർക്കില്ലാത്തതിനാൽ ആണ് രജിസ്റ്ററിൽ ചേർക്കാൻ കഴിയാതിരുന്നത്. ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് അന്വേഷിച്ചതിൽ സബികുമാറിന്റെ നിക്ഷേപം സജീവമാണെന്ന് ബാങ്ക് ഇമെയിലിൽ അറിയിച്ചിട്ടുണ്ട്. നിക്ഷേപം തിരികെ നല്കരുതെന്ന് ബാങ്കിനെ അറിയിച്ചിട്ടുണ്ട്. നിക്ഷേപത്തിൽ നിന്ന് ഇ.എം.ഡി കണ്ടുകെട്ടുന്നതാണ്.

ഇ.എം.ഡി കണ്ടുകെട്ടുന്നതാണെന്ന മറുപടി അംഗീകരിക്കുന്നു. അതിനൊപ്പം പലിശകൂടി ഈടാക്കേണ്ടതാണ്. ഇ.എം.ഡി തനത് ഫണ്ടിൽ മുതൽക്കൂട്ടിയ വിവരം ലഭിക്കും വരെ 12000 രൂപയും പലിശയും നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കും.

ക്ലാർക്കില്ലാഞ്ഞതിനാൽ ഇം.എം.ഡിയുടെ വിവരം രജിസ്റ്ററിൽ ചേർത്തില്ലെന്ന മറുപടി അംഗീകരിക്കുന്നില്ല. രജിസ്റ്ററും രേഖകളും എഴുതി സൂക്ഷിക്കുന്നതിലെ ജാഗ്രതക്കുറവാണ് വ്യക്തമാകുന്നത്.

പ്രോജക്ട് റീ ടെണ്ടർ ചെയ്യാൻ 7.11.2019ൽ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചു (തീരുമാനം-1(4)). എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ സമർപ്പിച്ച രണ്ടാമത്തെ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരൻ സബികുമാറിന്റെ നിരക്കിൽ പ്രോജക്ട് ഏറ്റെടുക്കാൻ വിസമ്മതിച്ചതാണ് റീടെണ്ടർ ചെയ്യാൻ കാരണമായതെന്നാണ് തീരുമാനത്തിൽ വിവരിച്ചത്. കരാറുകാരനുമായി നടത്തിയ ആലോചനയുടെ രേഖകൾ, കരാറുകാരന്റെ വിസമ്മതകത്ത് എന്നിവ ഓഡിറ്റ് അന്വേഷണത്തിൽ അവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല. ആയതിനാൽ തീരുമാനത്തിന്റെ കാരണം വസ്തുതാപരമല്ല.

റീ ടെണ്ടറിൽ ഒരു കരാറുകാരൻ ശ്രീ.സുകുമാരൻ മാത്രമാണ് ടെണ്ടർ നല്കിയത്. റീ ടെണ്ടറിന് വ്യാപകപരസ്യം നല്കിയതിന് തെളിവില്ല. ഇ-ടെണ്ടർ ചെയ്ത് ടെണ്ടർ ലാഭകരമാക്കാനും ശ്രമിച്ചില്ല. ആദ്യ ടെണ്ടറിൽ 11.33% കുറവ് ലഭിച്ച വസ്തുത കണക്കാക്കാതെ റീ ടെണ്ടറിൽ എസ്റ്റിമേറ്റിൽ ലഭിച്ച സിംഗിൾ ടെണ്ടർ അംഗീകരിച്ചു. ക്വട്ടേഷൻ സാധ്യതകൾ പരിഗണിച്ചില്ല.

പ്രോജക്ട് ലക്ഷ്യമിട്ട പകുതി പണിപോലും പുതിയ കരാറുകാരൻ ചെയ്തില്ല. എം.ബുക്ക് 38/19-20 അനുസരിച്ച് ഇയാൾ നടത്തിയ പണിയുടെ ആകെ മൂല്യം 277464 രൂപയാണ്(ബിൽ 12/8.5.2020.277464 രൂപ).

152 മീറ്റർ നീളത്തിൽ ഭിത്തി കെട്ടുവാനായിരുന്നു പദ്ധതി. കെട്ടിയത് 94.1 മീറ്റർ. അതിനാൽ പ്രോജക്ട് പട്ടികവി ഭാഗത്തിന് ഉപകരിച്ചില്ല. വാനം തോണ്ടി 34.266 M^2 മണ്ണ് ലഭിച്ചതായി എം.ബുക്കിൽ രേഖയുണ്ട്. ഇതിന്റെ വിനിയോഗം കാണിച്ചിട്ടില്ല.

ആദ്യ മൂല്യനിർണയം പാർട്ട് ബില്ലായതിനാൽ 10% റിട്ടൻഷൻ ആയി-27746 രൂപ പിടിച്ചു(രസീത് 120160900005/27.5.20). എന്നാൽ ശ്രീ.സുകുമാരൻ പാർട്ട് ബിൽ ആവശ്യപ്പെട്ട് അപേക്ഷ നൽകിയതായി രേഖകളില്ല.

25/06/2021 ലെ 1(2)തീരുമാനം അനുസരിച്ച് പ്രോജക്ട് അവസാനിപ്പിക്കുവാൻ ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചു. സ്പിൽ ഓവറാക്കാൻ താല്പര്യമില്ലാത്തതിനാലാണ് പ്രോജക്ട് അവസാനിപ്പിക്കുന്നതെന്ന് തീരുമാനത്തിൽ പറയുന്നു. ഈ കാരണത്തിന്റെ അടിസ്ഥാനത്തിൽ റിട്ടൻഷൻ തുക കണ്ട് കെട്ടാതെ പണി അവസാനിപ്പിച്ചത് കരാറുകാരനെ സഹായിക്കുവാനാണ് എന്ന് വിലയിരുത്തുന്നു. നിയമപരമായ നടപടികൾ സ്വീകരിക്കാതെ പാർട്ട് ബില്ലിൽ ഒരു പ്രോജക്ട് അവസാനിപ്പിക്കാൻ ഗ്രാമപഞ്ചായത്ത് കമ്മറ്റിക്ക് അധികാരമില്ല. തുടർന്ന് ചെക്ക് 616156/26.7.2021 പ്രകാരം റിട്ടൻഷൻ തുക ശ്രീ. സുകുമാരന് തിരികെ നല്കി.

ആദ്യപ്രോജക്ട് പാർട്ട് ബില്ല് നില്ക്കെയാണ് മുക്കട കോളനി അതിർത്തി തിരിയ്ക്കൽ രണ്ടാം ഘട്ടം(178/21) എന്ന സ്പിൽഓവർ പ്രോജക്ട് നടപ്പാക്കിയത്. ഇതിന് 148300 (ബിൽ ബുക്കിലെ 21/7.8.2020 ബിൽ) രൂപ ചെലവാക്കി. വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നാണ് ചെലവ്. ഈ പ്രോജക്ടും എസ്റ്റിമേറ്റ് നിരക്കിൽ ശ്രീ. സുകുമാരനാണ് നടത്തിയത്. രണ്ട് പ്രോജക്ടിലുമായി ആകെ ചെലവ് 425764 രൂപ.

ആദ്യ പ്രോജക്ട് നിലനില്ക്കെ ഇതേ ആവശ്യത്തിന് രണ്ടാം ഘട്ടം എന്ന പേരിൽ പ്രോജക്ട് നടപ്പാക്കിയതിലും. ഒരേ ആവശ്യത്തിന് ഒരേ സമയത്ത് രണ്ട് പ്രോജക്ടുകൾ ഒരേ കരാറുകാരനെകൊണ്ട് നടപ്പാക്കി എന്നതിലും പൊതുതാല്പര്യമില്ല. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് കോളനിയിൽ പൊതുവിഭാഗക്കാരും താമസിക്കുന്നുണ്ടെന്നും ഇവരുടെ വീടുകൾക്ക് സമീപത്തെ ഭിത്തി നിർമ്മാണത്തിന് എസ്.സി.പി ഫണ്ട് ഉപയോഗിക്കാൻ അനുവാദമില്ലാത്തതിനാലാണ് പൊതുവിഭാഗം വികസന ഫണ്ടിൽ രണ്ടാം ഘട്ട പ്രോജക്ട് തയ്യാറാക്കിയതെന്നും അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി നല്കി. ഫണ്ട് വകമാറ്റം ചെറുക്കുന്നതിന് പുതിയ പ്രോജക്ട് ആവശ്യമില്ല. ആദ്യപ്രോജക്ടിന്റെ ധന വിശകലനത്തിൽ മാറ്റം വരുത്തി അംഗീകാരം വാങ്ങിയാൽ മതിയാകും.

പ്രോജക്ട് നിർവഹണത്തിൽ ഗുരുതരമായ അപാകങ്ങളും അനാവശ്യ അധികച്ചെലവും സംഭവിച്ചതായി മുകളിലെ ഓഡിറ്റ് വിശകലനം തെളിയിക്കുന്നു. ഓഡിറ്റ് നിഗമനത്തിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് നിർവ്വഹണം ഗ്രാമപഞ്ചായത്തിന് പുനരവലോകനം ചെയ്യാവുന്നതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ജില്ലാ പഞ്ചായത്ത്	60389	38/21, പാലിന്നു സബ്സിഡി	60389	0
	300000	29/21, സാന്ത്വനം - പാലിയേറ്റീവ് പരിചരണം	300000	0
	500000	52/21, നെൽകൃഷി വികസനം	500000	0
	99994	10/21, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	99994	0
	540423	161/21, ലൈഫ് ഭവന പദ്ധതി, ഭൂരഹിത-ഭവന രഹിതർക്ക് സ്ഥലം നൽകൽ	0	540423
	1300000	190/21, ജലജീവൻ മിഷൻ കുടിവെള്ള പദ്ധതി	1300000	0
	70000	55/21, പാലിന്നു സബ്സിഡി (എസ് ഒ)	70000	0
	1033705	160/21,ലൈഫ് ഭവന പദ്ധതി, ഭൂരഹിത-ഭവന രഹിതർക്ക് സ്ഥലം നൽകൽ	0	2033705
	993777	166/21, ചിറയിൻകുളം കോളനി റോഡ്, ഓടയും സ്ളാബും- രണ്ടാം ഘട്ടം	993777	0
ബ്ളോക്ക് പഞ്ചായത്ത്	300175	38/21, പാലിന്നു സബ്സിഡി	300175	0
	263340	55/21, പാലിന്നു സബ്സിഡി	263340	0
	67200	135/21, തരിശ് പച്ചക്കറി കൃഷി	67200	0

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നംപർ	ബിൽ നമ്പർ/ ചെക്ക് നം.- തീയതി	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കേരള വാട്ടർ അതോറിറ്റി	ജലജീവൻ കുടിവെള്ള പദ്ധതി		1982187	0	1982187

	190/21				

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഇ.എം.എസ്. ഭവന പദ്ധതി	207/0/ ത.സ്വ.ഭ.വ. തീയതി - 07.11.2009	7607062	4844019 (മുതൽ) 1698228 (പലിശ)	4844019	0	0

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറിയുടെ വിവരങ്ങൾ

ക്രമ നം	റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ / തീയതി
1	2018-19	1-23	5079	റെനി കുര്യൻ	120050100321/18-06-20
2	2014-15	1-2(2)	3100	പോസ്റ്റ് മാസ്റ്റർ, കുന്നന്താനം	120050100448/29-06-20
3	2014-15	1-2(2)	540	പോസ്റ്റ് മാസ്റ്റർ, ആഞ്ഞിലിത്താനം	120050100451/29-06-20
4	2015-16	2-3	720	ഈറ്റിക്കൽ ഫ്യൂവൽസ്	120050100452/29-06-20
5	2014-15	1-2(2)	1250	സന്തോഷ് കുമാർ	120050100469/30-06-20
6	2014-15	1-2(2)	2600	ശാസ്താ ഹോസ്പിറ്റൽ	120050100470/30-06-20
7	2014-15	1-2(2)	450	രാജേഷ്	120050100471/30-06-20
8	2015-16	2-3	1200	എൻജയ് വുഡ് ഇൻഡസ്ട്രി	120050100474/30-06-20
9	2015-16	2-3	720	എം ജെ പ്ലൈവുഡ്	120050100475/30-06-20
10	2015-16	2-3	960	രാജു മോഹൻ	120050100710/05-08-20
11	2018-19	1-29	750	മധു മോഹൻ	120050101085/14-09-20
12	2013-14	3-2	29412	ബാബു വർഗ്ഗീസ്	120050101877/17-11-20
13	2013-14	3-2	29412	വി.ജെ രാജു	120050101878/17-11-20
14	2013-14	3-2	29412	ഗ്രേസി മാത്യു	120050101879/17-11-20
15	2013-14	3-2	29412	രാധാമണിയമ്മ	120050101883/17-11-20
16	2013-14	3-2	29412	ശ്രീദേവി സതീഷ് ബാബു	120050101884/17-11-20
17	2015-16	2-3	720	ചന്ദ്രശേഖരൻ	120050104135/04-03-21

				നായർ	
18	2015-16	2-3	1440	വേങ്ങൽ പി കെ മാത്യു	120050104199/05-03-21
19	2015-16	2-3	720	ആലപ്പാട്ട് ഇവന്റ് സർവീസ്	120050104/200 /05-03-21
20	2015-16	2-3	1200	ഷാജി, സാരംഗ റെസ്റ്റോറന്റ്	120050104/207 /05-03-21
21	2015-16	2-3	1200	കളപ്പുരക്കൽ ഹോളോ ബ്രിക്സ്	120050104/230 /06-03-21
22	2015-16	2-3	720	ഹോട്ടൽ ആൽവിൻ	120050104306/08-03-21
23	2015-16	2-3	480	വനിത കാന്റീൻ	120050104348/09-03-21
24	2018-19	1-32	6000	ടെസി, സെക്രട്ടറി, കുന്നന്താനം ഗ്രാമപഞ്ചായത്ത്	120050104476/23-03-21
	ആകെ		176909		

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15	2(2)	2016-17	2 (2) (1) 2 (2) (1)	തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ കൃത്യതയില്ല നികുതി ഡിമാന്റ് ചെയ്തിട്ടില്ല	പരാമർശം തീർപ്പാക്കിയിട്ടില്ല
2015-16	2(3)	2016-17	2 (3)	തൊഴിൽ നികുതി	പരാമർശം തീർപ്പാക്കിയിട്ടില്ല

4-8 ചാർജ്ജ് സർച്ചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	80604955
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	66138083
വരവിനങ്ങളിലുള്ള നഷ്ടം	36304
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	12000
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	ഇല്ല

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
1-16	36304		പഞ്ചായത്ത് ഭരണ സമിതി
			1. ശ്രീദേവി സതീഷ് ബാബു, പ്രസിഡന്റ് 2. എം.കെ.മധുസൂദനൻ നായർ,

			വൈസ് പ്രസിഡന്റ് 3. ഈശ്വരി വി.എസ്, വാർഡ് മെമ്പർ 4. മാത്യു വി.സി, വാർഡ് മെമ്പർ 5. മിനി ജനാർദ്ദനൻ, വാർഡ് മെമ്പർ 6. കെ.കെ.രാധാകൃഷ്ണ കുറുപ്പ്, വാർഡ് മെമ്പർ 7. രാധാമണിയമ്മ, വാർഡ് മെമ്പർ 8. ഗിരീഷ് കുമാർ, വാർഡ് മെമ്പർ 9. മറിയാമ്മ കോശി, വാർഡ് മെമ്പർ 10. ബാബു കുറുമ്പേശ്വരം, വാർഡ് മെമ്പർ 11. ഗീതാകുമാരി, വാർഡ് മെമ്പർ 12. ധന്യാമോൾ ലാലി, വാർഡ് മെമ്പർ 13. റെജി വി.ജെ, വാർഡ് മെമ്പർ 14. ഗ്രേസി മാത്യു, വാർഡ് മെമ്പർ 15. സ്മിത വിജയരാജൻ, വാർഡ് മെമ്പർ
1-29	12000		യശോധരൻ ടി. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ക്രമ നമ്പർ	പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
1.	ശ്രീദേവി സതീഷ് ബാബു, പ്രസിഡന്റ്		ശ്രീദേവി സതീഷ് ബാബു കുന്നത്തുകുളങ്ങര കുന്നന്താനം പി.ഒ
2.	എം.കെ. മധുസൂദനൻ നായർ, വൈസ് പ്രസിഡന്റ്		എം.കെ.മധുസൂദനൻ നായർ മേപ്രത്ത് ഹൗസ് ആഞ്ഞിലിത്താനം പി.ഒ
3.	ഈശ്വരി വി.എസ്, വാർഡ് മെമ്പർ		ഈശ്വരി വി.എസ് വള്ളിക്കാട്ടിൽ കുന്നേൽ

			മാന്താനം പി.ഒ കുന്നന്താനം
4.	മാത്യു വി.സി, വാർഡ് മെമ്പർ		മാത്യു വി.സി പാറനാട്ട് വീട് കുന്നന്താനം പി.ഒ
5.	മിനി ജനാർദ്ദനൻ, വാർഡ് മെമ്പർ		മിനി ജനാർദ്ദനൻ നാടൻപ്ലാക്കൽ മാന്താനം പി.ഒ
6.	കെ.കെ.രാധാകൃഷ്ണ കുറുപ്പ്, വാർഡ്		കെ.കെ.രാധാകൃഷ്ണ കുറുപ്പ് കണ്ണാട്ട് കുന്നന്താനം പി.ഒ
7.	രാധാമണിയമ്മ, വാർഡ് മെമ്പർ		രാധാമണിയമ്മ രാധാ ഭവൻ പാലയ്ക്കാത്തകിടി പി.ഒ കുന്നന്താനം
8.	ഗിരീഷ് കുമാർ, വാർഡ് മെമ്പർ		ഗിരീഷ് കുമാർ കരോട്ട് തെക്കേതിൽ നെടുങ്ങാടപ്പള്ളി പി.ഒ
9.	മറിയാമ്മ കോശി, വാർഡ് മെമ്പർ		മറിയാമ്മ കോശി കാഞ്ഞിരത്താമണ്ണിൽ നെടുങ്ങാടപ്പള്ളി പി.ഒ
10.	ബാബു കുറുമ്പേശ്വരം, വാർഡ് മെമ്പർ		ബാബു കുറുമ്പേശ്വരം കുറുമ്പേശ്വരത്ത് വെള്ളാംപൊയ്ക്ക, കുന്നന്താനം പി.ഒ
11.	ഗീതാകുമാരി, വാർഡ് മെമ്പർ		ഗീതാകുമാരി കോട്ടൂർ ശ്രീശൈലം കുന്നന്താനം പി.ഒ
12.	ധന്യാമോൾ ലാലി, വാർഡ് മെമ്പർ		ധന്യാമോൾ ലാലി പ്ലാത്താനത്തിൽ കുന്നന്താനം പി.ഒ
13.	റെജി വി.ജെ, വാർഡ് മെമ്പർ		റെജി വി.ജെ വടക്കേടത്ത് ആഞ്ഞിലിത്താനം പി.ഒ
14.	ഗ്രേസി മാത്യു, വാർഡ് മെമ്പർ		ഗ്രേസി മാത്യു വാഴേനാൽ ആഞ്ഞിലിത്താനം പി.ഒ
15.	സ്മിത വിജയരാജൻ, വാർഡ് മെമ്പർ		സ്മിത വിജയരാജൻ ചിറ്റങ്ങാട്ട് തെക്കേപ്പറമ്പിൽ മൈലമൺ

			കുന്നന്താനം പി.ഒ
16.	യശോധരൻ ടി.എസ് അസിസ്റ്റന്റ് എഞ്ചിനീയർ		തടത്തിൽ പുത്തൻവീട്, മേലോട്ട് പി.ഒ അടൂർ

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

ഓഡിറ്റ് വർഷം	*ഈ വകുപ്പിൽ നിന്നും ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം*	*അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം*
1995-96	എൽ.എഫ്.പി.റ്റി.എ.പി4/ 198/05 തീയതി 13-07-05/30-11-05	1
1996-97	എൽ.എഫ്.പി.റ്റി.എ.പി4/ 199/05 തീയതി 13-07-05/30-11-05	1
1996-97 (ചെലവ്)	എൽ.എഫ്.പി.റ്റി.എ. പി4/ 278/98 തീയതി 05-12-98	7
1997- 98 (ജനകീയാസൂത്രണം)	എൽ.എഫ്.പി.റ്റി.എ. പി2/ 155/99 തീയതി 03-04-00/12-05-00	3
1997-98 (ചെലവ്)	എൽ.എഫ്.പി.റ്റി.എ.പി2 / 593/98 തീയതി 15-03-00/09-05-00	9
1998-99 (ജനകീയാസൂത്രണം)	എൽ.എഫ്.പി.റ്റി.എ.പി2/ 122/00 തീയതി 27-02-02	20
1999-00	എൽ.എഫ്.പി.റ്റി.എ.പി2/ 592/01 തീയതി 09-08-02	12
2000-01 (ജനകീയാസൂത്രണം)	എൽ.എഫ്.പി.റ്റി.എ.പി4/ 179/04 തീയതി 17-01-05/02-02-05	7
2001-02 (ജനകീയാസൂത്രണം)	എൽ.എഫ്.പി.റ്റി.എ.പി4/ 180/04 തീയതി 17-01-05/02-02-05	2
2002-03 (ചെലവ്)	എൽ.എഫ്.പി.റ്റി.എ.പി5/ 210/07 തീയതി 11-03-08/08-04-08	15
2003-04	എൽ.എഫ്.പി.റ്റി.എ.പി8/ 140/10 തീയതി 11-10-10/03-03-11	16
2004-05	എൽ.എഫ്.പി.റ്റി.എ.3/ 483/10 തീയതി 07-01-11/04-03-11	9
2005-06	എൽ.എഫ്.പി.റ്റി.എ.പി4/ 484/10 തീയതി 07-01-11/16-02-11	22
2006-07	എൽ.എഫ്.പി.റ്റി.എ.പി7/ 163/11 തീയതി 19-03-11/31-03-11	22
2007-08	എൽ.എഫ്.പി.റ്റി.എ.പി7/ 164/11 തീയതി 18-03-11/25-03-11	8
2008-09	എൽ.എഫ്.പി.റ്റി.എ.പി7/ 165/11 തീയതി 18-03-11/24-03-11	25
2009-10	എൽ.എഫ്.പി.റ്റി.എ.പി7/ 166/11 തീയതി 18-03-11/28-03-11	2
2010-11	എൽ.എഫ്.പി.റ്റി.എ.പി7/ 39/12 തീയതി 16-03-12/11-04-12	21
2011-12& 2012-13	എൽ.എഫ്.പി.റ്റി.എ.പി7/ 33/16 തീയതി 24.4.16/13.05.14	എല്ലാ ഖണ്ഡികകളും

2013-14	എൽ.എഫ്.പി.റ്റി.എ.പി7/ 578/15 തീയതി 17-07-15/21-07-15	12
2014-15	കെ.എസ്.എ.പി.റ്റി.എ.പി12/ 784/16 തീയതി 16-07-16	16
2015-16	കെ.എസ്.എ.പി.റ്റി.എ.പി12/ 1440/16 തീയതി 16-01-17	9
2016-17	കെ.എസ്.എ.പി.റ്റി.എ.പി-7/910/17 /24.8.17	21
2017-18	കെ.എസ്.എ.പി.റ്റി.എ.പി-7/1332/ 18/ 17.10.18	23
2018-19	കെ.എസ്.എ.പി.റ്റി.എ.പി-7/186/20/ 27.04.2020	എല്ലാ ഖണ്ഡികകളും
2019- 20	കെ.എസ്.എ.പി.റ്റി.എ.പി-7/314/22/ 26.03.2022	എല്ലാ ഖണ്ഡികകളും

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കുന്നന്താനം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കുന്നന്താനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്